പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **2486**

**18.06.2014** ൽ മറുപടിക്ക്

പുറക്കാട് അമ്പലപ്പുഴ നീർക്കുന്നം ഭാഗത്ത് കടൽ ഭിത്തി നിർമ്മിക്കാൻ നടപടി

| ചോദ്യം<br>ശ്രീ. ജി. സുധാകരൻ | | മറുപടി<br>ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവവകുപ്പ് മന്ത്രി) |
|---|---|---|
| (എ) | പുറക്കാട് അമ്പലപ്പുഴ നീർക്കുന്നം ഭാഗത്ത് കടൽഭിത്തി നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (എ) പുറക്കാട് പഞ്ചായത്തിൽ നീർക്കുന്നം ഭാഗത്ത് 207 മീറ്റർ നീളത്തിൽ പുതിയതായി കടൽഭിത്തി നിർമ്മിക്കുന്നതിനായി 180 ലക്ഷം രൂപയുടെ പദ്ധതിക്ക് 13-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിലേക്കായി എസ്.എൽ.ഇ.സി അംഗീകാരം നൽകിയിട്ടുണ്ട്. |
| (ബി) | പുറക്കാട് പുലിമുട്ട് നിർമ്മിക്കുന്നതിന്റെ വടക്കുഭാഗത്ത് കടൽക്ഷോഭംമൂലം വീടുകൾ അപകടാവസ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ഉണ്ട്. |
| (സി) | ഉണ്ടെങ്കിൽ ഈ ഭാഗത്ത് അടിയന്തിരമായി പുലിമുട്ട് നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; | (സി) പുറക്കാട് പുലിമുട്ട് നിർമ്മിക്കുന്നതിന്റെ വടക്കുഭാഗത്ത് 26 പുലിമുട്ടുകൾ നിർമ്മിക്കുന്നതിനായി 18.6 കോടി രൂപയുടെ എസ്റ്റിമേറ്റ് നബാർഡിൽ സമർപ്പിക്കുന്നതിനായി തയ്യാറാക്കി വരുന്നു. |
| (ഡി) | പുറക്കാട് രണ്ടാം കടൽഭിത്തി നിർമ്മിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ ? | (ഡി) രണ്ടാം കടൽഭിത്തിയ്ക്ക് അനുവാദമില്ല. ഐഐറ്റി പഠന പ്രകാരം ഈ ഭാഗത്ത് പുലിമുട്ട് നിർമ്മാണമാണ് നിർദ്ദേശിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ